ജി.എച്ച്എസ്.എസ്.തൊളിക്കോട്

# മാനസം



# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

**ഉള്ളടക്കം**


മറക്കാൻ കഴിയാത്ത ചിലതുണ്ട്........3
എന്റെ കൂട്ടുകാരുടെ കഥ........9
വിരലുകളുടെ മന്ത്രനാദം........10
തെരുവിൽ നിന്ന്........16
ശൈലികൾ........17
പിന്നീടാവാം........20
മണ്ണപ്പങ്ങൾ........22
എലി ചെയ്ത സഹായം........23
വിജ്ഞാനകോശം........25
അക്ഷയപാത്രം........25
അബാക്കസ്........25
അറബിമലയാളം........26
അശ്വമേധം........26
പാത്തോളജി........27
പാപ്പിറസ്സ്........27
പ്ലാസ്റ്റിക് സർജറി........27
മഴവില്ല്........28
മഴ നനഞ്ഞോരെൻ ബാല്യം........29
ഞാൻ അറിയാതെ........30
ചങ്ങാതി........31
ഓണം വന്നു........32
കലാവാദ്യങ്ങൾ........34
വീണ........34
വയലിൻ........35
ചെണ്ട........36
മൃദംഗം........38
ചേങ്ങില........39
ഇലത്താളം........40


**ജി.എച്ച്.എസ്.എസ്.തൊളിക്കോട്**

# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ


ഓടക്കുഴൽ.....41
നാഗസ്വരം.....42
കേരളത്തിലെ കലാരൂപങ്ങൾ.....43
കഥകളി.....43
മോഹിനിയാട്ടം.....44
ഭരതനാട്യം.....45
കുച്ചിപ്പുടി.....46
ചാക്യാർകൂത്ത്.....48
പടയണി.....49
കഥ വന്ന വഴി മറക്കരുത്.....52
നമ്മുടെ എഴുത്തുകാർ.....56
എസ്.വി.വേണുഗോപൻനായർ.....56
തകഴി ശിവശങ്കരപ്പിള്ള.....56
കാരൂർ നീലകണ്ഠപ്പിള്ള.....57
വൈലോപ്പിള്ളി ശ്രീധരമേനോൻ.....58
ഒ.എൻ.വി.കുറുപ്പ്.....59
എൻ പോയ സ്വപ്നത്തിലേക്ക്.....60
ശ്രീനിവാസരാമാനുജൻ.....62
കടലാസ് വഞ്ചി.....63
ചെമ്പരത്തി പൂവ്.....64


## ജി.എച്ച്.എസ്.എസ്.തൊളിക്കോട്

# എഡിറ്റോറിയൽ ബോർഡ്

## അംഗങ്ങൾ

അൽഫിൻ

നസിയ

ഫൗസിയ

അൽഫിയ

ആസിയ

# ആമുഖം

വിജ്ഞാനത്തിന്റെ വാതായനങ്ങൾ ചിറകുവിടർത്തുന്ന ഈ മാസികയിൽ ഞങ്ങൾ കുട്ടികളുടേതായ സർഗവാസനകൾ വ്യത്യസ്തരീതിയിൽ ആവിഷ്ക്കരിക്കാൻ പരിശ്രമിച്ചിട്ടുണ്ട് .പോരായ്മകളും തെറ്റുകുറ്റങ്ങളും ഉണ്ടായേക്കാം സദയം ക്ഷമിച്ച് ആശംസിക്കണമെന്ന് അഭ്യർത്ഥനയോടെ ഞങ്ങൾ വിനയപൂർവം സമർപ്പിക്കുന്നു.

മാനസം

## ആശംസ

തൊളിക്കോട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ "**മാനസം** "എന്ന ഡിജിറ്റൽ മാഗസിന് എന്റെ പേരിലും വിദ്യാലയത്തിന്റെ പേരിലുമുള്ള  എല്ലാവിധ ആശംസകളും നേരുന്നു

**അസ്മ ബീവി**

**പ്രധാനാധ്യാപിക**

# മറക്കാൻ കഴിയാത്ത ചിലതുണ്ട്



മറവി എന്ന മൂന്ന് അക്ഷരത്തിന്
മായ്ക്കാൻ കഴിയാത്ത ചിലതുണ്ട്
സ്വർണ്ണ ലിപി[1]കളാൽ
എഴുതപ്പെട്ട
മറക്കാൻ കഴിയാത്ത ചിലതുണ്ട്

കല്ലിലില്ലാ മരകഷണത്തിലില്ലാ
തോലിലില്ല മരത്തിലില്ലാ
ഹൃദയത്തിന്റെ ഉള്ളറയിൽ
എഴുതപ്പെട്ട ചിലതുണ്ട്

സൂചിപോലെ നോവിക്കാൻ

1 സ്വർണ അക്ഷരം

മധുരം പോലെ സന്തോഷിപ്പിക്കാൻ
ഹൃദയത്തിന്റെ ഓരോ കോണിൽ
തെളിഞ്ഞ കിടുക്കുന്ന ചിലതുണ്ട്

സ്നേഹത്തിന്റെ സഹനത്തിന്റെ
സൗഹൃദത്തിന്റെ പ്രണയത്തിന്റെ
മധുരിപ്പിക്കും ഓർമകളാൽ
തന്നപ്പെട്ട ചിലതുണ്ട്

വേർപാടിന്റെ വേദനയിൽ
എരിഞ്ഞു നീങ്ങുന്ന മനസ്സിനും
കുളിരേകി ആഹ്ലാദമേകി
കടന്നു വരുന്ന ചിലതുണ്ട്

മധുരമുള്ള മൊഴികളാലും
നിറപകിട്ടാർന്ന കാഴ്ച്ചകളാലും

സ്പർശിയായ അനുഭവങ്ങളാലും
രസിപ്പിക്കുന്ന ചിലതുണ്ട്

ഈറനണിഞ്ഞ മിഴിയെ തലോടിയും
തേങ്ങിയ മനസ്സിനെ ആശ്വസിപ്പിച്ചും
ആ കരസ്പർശത്തിൻ ചൂടുള്ള
ഒരു പിടി ഓർമ്മകൾ ചിലതുണ്ട്

ഏകാന്തതയുടെ വേദനയിൽ
ഭീതിയുടെ നിമിഷങ്ങളിൽ
തണലായിവന്ന ചിലരാൽ
കോർക്കപ്പെട്ട ചിലതുണ്ട്

വെള്ളിനൂലുകളായ മഴയിനാലും
കണ്ണഞ്ചിപ്പിക്കുന്ന വെയിലിനാലും
കുളിരകന്ന കാറ്റിനാലും

കൊണ്ടുപോകാൻ പറ്റാത്ത ചിലതുണ്ട്

എത്രതന്നെ മറക്കാൻ ശ്രമിച്ചാലും
മനസ്സിൽ നിന്ന് മായ്ക്കാൻ ശ്രമിച്ചാലും
ഒരിക്കലും ഓർക്കാതിരിക്കാൻ ശ്രമിച്ചാലും
ഓടിയെത്തുന്ന ചിലതുണ്ട്
വിധിയുടെ കര[2]ങ്ങളാൽ അകറ്റപ്പെട്ട
ഒരിക്കലും ചോരാത്ത മനസ്സുകളെ
വീണ്ടും സംഗമിക്കാൻ നിർബന്ധിക്കുന്ന
തണലേകുന്ന ചിലതുണ്ട്

ആർത്തിരമ്പുന്ന സാഗരത്തിനും
പാടിയൊഴുകുന്ന അരുവിക്കും
തട്ടിത്തെറിക്കുന്ന വെള്ളച്ചാട്ടത്തിനും
ഒഴുക്കാൻ പറ്റാത്ത ചിലതുണ്ട്

2 കൈ

ഓർക്കുമ്പോൾ മധുരിപ്പിക്കുന്ന
മറക്കാൻ ശ്രമിക്കുമ്പോൾ മിഴിനനയ്ക്കുന്ന
മലരുകളെപ്പോലെ സന്തോഷിപ്പിക്കുന്ന
നിറമാർന്ന ഓർമ്മകൾ ഇന്നുണ്ട്

ജയിക്കാതെപോയ വാശിയുടെയും
നടക്കാതെപോയസ്വപ്നങ്ങളുടെയും
ഒരിക്കലും ഒത്തുവരാത്ത വിധിയുടെയും
കയ്പാർന്ന ഓർമ്മകൾ ഇന്നുണ്ട്

നിലാവിന്റെ സൗന്ദര്യം പോലെ
മിഴിവാർന്ന ചുരുളുകൾ പോലെ
നക്ഷത്രത്തിന്റെ തിളക്കം പോലെ
എത്തിനോക്കുന്ന ചിലതുണ്ട്

മറവിയെന്ന മൂന്നക്ഷരത്തിന്

മറയ്ക്കാൻ കഴിയാത്ത ചിലതുണ്ട്

സ്വർണ്ണലിപികളാൽ എഴുതപ്പെട്ട

മറക്കാൻ കഴിയാത്ത ചിലതുണ്ട് (അജ്മിയ)

# എന്റെ കൂട്ടുകാരുടെ കഥ

ഒരിക്കലും കാണാത്ത
കുയിലിന്റ പാട്ടിനാൽ
കുയിലിനെസ്നേഹിച്ച
കുഞ്ഞിനെ പോലെയെൻ പ്രണയം
ഒരിക്കലും കാണാത്ത
പൂവിന്റെ സുഗന്ധത്താൽ
പൂവിനെ സ്നേഹിച്ച
കുട്ടിയെപോലെയെൻ പ്രണയം
ഒരിക്കലും കാണാത്ത
തെന്നലി[3]ൻ കുളിർമയാൽ
കാറ്റിനെ സ്നേഹിച്ച
കുട്ടിയെപോലെന്റെ പ്രണയം

3 ഇളംകാറ്റ്

പ്രിയം കൊണ്ട് മാത്രം പ്രിയങ്കരമായൊരു
പ്രണയമാണിന്നെന്റെ പ്രണയം

(നസിയ)

# വിരലുകളുടെ മന്ത്രനാദം

ഒരിക്കൽ,ഒരു കുഞ്ഞു ഗ്രാമത്തിൽ നടന്ന ഭീകരസംഭവമാണിത്.പച്ചപ്പ് മാത്രം കാണുന്നു.പച്ച പൊന്ന് വിളയും പോലെ പൊന്ന് വിളയുന്ന ഗ്രാമം.രാത്രിയുടെ അരണ്ട നിലാവെളിച്ചത്തിൽ പോലും നദികൾ ഒരു കണ്ണാടിയായി മാറുന്നു.പ്രഭാതത്തിൽ മരങ്ങളും പച്ചയിലതാളുകളിലൂടെ എത്തിനോക്കുന്ന സൂര്യപ്രകാശം.ഇങ്ങനെയൊരു കുഞ്ഞു ഗ്രാമത്തിൽ ചെറുതും വലുതുമായ കുട്ടുകുടുംബങ്ങൾ ഉണ്ടായിരുന്നു.അതിൽ ഒരു കുടുംബമായിരുന്നു പീലിപ്പോസ് എന്ന കർഷകന്റെയും സാറാ എന്ന വീട്ടമ്മയുടെയും കുടുംബം.അവർക്ക്  5 പെണ്നോമനകളാണുള്ളത്. 3 ആൺകുട്ടികളും 2

പെൺകുട്ടികളും അതിൽ ആൺകുട്ടികൾ തന്റെ പിതാവിനെ സഹായിച്ചിരുന്നു പെൺകുട്ടികൾ അമ്മയേയും.പക്ഷേ അതിൽ തന്റെ ഇളയ മകളെ വിദ്യാഭ്യാസത്തിനായി പള്ളിക്കുടത്തിൽ വിട്ടുമായിരുന്നു. കാരണം അവർക്ക് ഒരു ആഗ്രഹമുണ്ടായിരുന്നു. തന്റെ മക്കളിൽ ഒരാൾ ക്കെങ്കിലും സമൂഹത്തിൽ ഒരു നല്ല പദവി ഉണ്ടാവണമെന്ന്. തന്നെക്കാൾ യോഗ്യത ഉണ്ടായിരിക്കണമെന്ന് എല്ലാവരുടെയും ഒരു കണ്ണിലെ കൃഷ്ണമണിയായി അവളെ വളർത്തി. അവളുടെ സഹോദരൻമാരും സഹോദരിമാരും അവളെ ഒരുപോലെ നോക്കി. അങ്ങനെ ഏറെനാൾ കഴിഞ്ഞു. അവൾ ഒൻപതാം

ക്ലാസ്സിലായി.തന്റെ ഏട്ടൻമാർ നല്ല വളർ
ന്നിരിക്കുന്നു.കൂടെ അവർ വളരെ  സമ്പന്നരായി
ധാന്യങ്ങൾ വിറ്റും ശേഖരിച്ചും അവർ പണം
ഉണ്ടാക്കി.അന്നൊക്കെ അവളുടെ ഏട്ടൻമാർക്ക്
കുടുംബത്തോട് വളരെയധികം സ്നേഹമായിരുന്നു.
അവർ അവരുടെ കുടുംബത്തെ പൊന്നുപോലെ
നോക്കി.പക്ഷേ ഓരോരുത്തരുടെയും വിവാഹം
പതിയെ കഴിയാൻ തുടങ്ങി. അങ്ങനെ അവളുടെ 3
ഏട്ടൻമാരുടെയും വിവാഹം കഴിഞ്ഞു.
അങ്ങനെ ആദ്യമൊക്കെ തന്റെ വീട്ടുകാരോട്
സ്നേഹവും കാര്യവുമൊക്കെ ഉണ്ടായിരുന്നു പക്ഷേ
പതിയെ  അത് മാറാൻ തുടങ്ങി. മഴവില്ല് തന്റെ
സുഹൃത്തായ മഴ പോകുമ്പോൾ കൂടെ
പോകുന്നതുപോലെ. പെണ്ണ് ഒരുമ്പെട്ടാൽ എന്ന്

പഴമക്കാർ പറയുംപോലെ അതാണ് ഇവിടെ സംഭവിച്ചത്.അവർ വീട്ടുകാരെ വെറുക്കാൻ തുടങ്ങി അവരുടെ ആദ്യസഹോദരിയെ വിവാഹം കഴിപ്പിച്ചു കൊടുത്തു. അവരുടെ അമ്മയെ അവിടുത്തെ അടുക്കളക്കാരിയാക്കി.ഇളയ സഹോദരിയുടെ പഠനം നിർത്തി. ഇതെല്ലാം തന്റെ ഭാര്യമാരുടെ കൽപ്പന[4]പ്രകാരമായിരുന്നു. ആൺമക്കളായ അവർ അത് കണ്ട് ആനന്ദിച്ചു. അങ്ങനെ രണ്ട് മൂന്ന് ആഴ്ച്ചകൾ കടന്നു. അപ്പോൾ അവർക്ക് ഒരു കുബുദ്ധി ഉദിച്ചു. എന്തെന്നാൽ അവരുടെ അമ്മയുടെയും അനുജത്തിയുടെയും സ്വത്തുക്കളും സ്വർണ്ണങ്ങളും വിലപിടിപ്പുള്ളതായ എല്ലാം തട്ടിയെടുക്കണം. എന്ന് അതിന് വേണ്ടി അവർ പരിശ്രമിക്കാൻ തുടങ്ങി.അങ്ങനെ ഒരു

---

4 ആജ്ഞ

ദിവസം അവർ ഇത് അവതരിപ്പിച്ചു.

തീരുമാനത്തിനായി അവർ കാത്തിരുന്നു.

അമ്മയും സഹോദരിയും തന്റേതായിട്ടുള്ളതെല്ലാം

അവർക്ക് കൊടുത്തു.പക്ഷേ അമ്മ ഒന്നു മാത്രം

കൊടുത്തില്ല .അത് അവൾക്കുള്ള സ്വർ

ണ്ണമോതിരമായിരുന്നു. അത് അവരുടെ ഭർ

ത്താവിന്റെ ഓർമ്മക്കായുള്ളതാണ്

അദ്ദേഹത്തിന്റെ സമ്മാനം അത് തരില്ല എന്ന്

തറപ്പിച്ചു പറഞ്ഞു. മക്കൾ അത് സമ്മതിക്കുകയും

ചെയ്തു. പക്ഷേ ആർത്തിയായ അവരുടെ

രണ്ടാമത്തെ മകൻ അത് വേണം എന്ന് പറഞ്ഞു

അത് അമ്മ കൊടുക്കാത്തതിനാൽ അവൻ

അമ്മയുടെ കൈ വെട്ടിമാറ്റി.എന്നിട്ട് ആരും

അറിയാതെ അമ്മയെ വൃദ്ധസദനത്തിലാക്കി

അങ്ങനെ ഒരു ദിവസം രാത്രി തന്റെ അമ്മയുടെ

കൈയിൽ വേറെ ഒരു മോതിരം ഉള്ളതായി ഒരു സ്വപ്നം കണ്ടു അയാൾ ഉണർന്ന് വേഗം വൃദ്ധസദനത്തിലെ പടിവാതിലിൽ എത്തി മകൻ തന്റെ അമ്മയെ നോക്കിയപ്പോൾ വിരളുകളിൽ മോതിരം ഉണ്ട് ശരിയാണ് അങ്ങനെ ആ മോതിരം ചോദിച്ചു. അമ്മ പറഞ്ഞു തരില്ല എന്ന് ആ കൈവെട്ടിമാറ്റാൻ അവൻ ശ്രമിച്ചു. കഴിയുന്നില്ല കൈ മരവിച്ചിരിക്കുന്നു അപ്പോൾ അവൻ ആകാശത്തിലേക്ക് ഉയർന്നു എന്നിട്ട് പറഞ്ഞു അഹങ്കാരിയും ആർത്തിമാനുമായ യൂദാസെ നിന്റെ അമ്മ മരണപ്പെട്ടിരിക്കുന്നു. അറുത്ത കൈക്ക് ഉപ്പു തേക്കാത്ത നിങ്ങൾക്ക് അവരുടെ കൈ തന്ന് അനുഗ്രഹിച്ചിരിക്കുന്നു എന്ന്പറഞ്ഞ് കൊണ്ട് അവൾ  സ്തബ്ധനായി നോക്കി  നിന്നു.

(നസിയ)

# തെരുവിൽ നിന്ന്

അശ്രയരില്ലാതെ തെരുവോരങ്ങളിലും
അധ്വാനത്തിന്റെ ഉപ്പുനീരിലും
വിശപ്പിന്റെ തീച്ചൂളയിലും
പൊരുതിനേടിയതാണെൻ ബാല്യം
കേറിയിട്ടുണ്ട് കാലമെൻ മനസ്സിൽ
ഇരുമ്പ് ദണ്ഡിൽ തീർത്ത പാടുകൾ
മങ്ങലേൽപ്പിച്ചിട്ടുണ്ടെൻ,
ചിറക് മുളയ്ക്കാത്ത സ്വപ്നങ്ങളെ
അവശേഷിക്കുന്നില്ല ഈ ജീവിതത്തിൽ
പ്രതീക്ഷതൻ അൽപം പുൽനാമ്പുകളല്ലാതെ

(ഫൗസിയ.എൻ)

# ശൈലികൾ

1. അക്കരപ്പച്ച: അകലെയുള്ളതിനെക്കുറിച്ചുള്ള ഭ്രമം.
2. അക്കിടി പറ്റുക: അപകടം പറ്റുക.
3. അങ്ങാടിയിൽ തോറ്റാൽ അമ്മയോട്: എതിരാളിയോടു തോറ്റതിന് സ്വന്തം അണികളെ പഴി പറയുന്ന നേതാക്കൻമ്മാർ "അങ്ങാടിയിൽ തോറ്റാൽ അമ്മയോട്" എന്ന രീതിക്കാരാണ്.
4. അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാൽ: രണ്ടു പേരുടെയും ഇഷ്ടം ഒന്നാവുക.
5. അജഗജാന്തരം: വലിയ വ്യത്യാസം.[ആനയും ആടും പോലുള്ള വ്യത്യാസം]
6. അണയാൻ പോകുന്ന ദീപം: നശിക്കാൻ പോകുന്ന ഐശ്വര്യം.
7. അതിരു കടക്കുക: പരിധിലംഘിക്കുക. അതിരുകടന്ന പെരുമാറ്റം ആരോടും അരുതാത്തതാണ്.

8. അധികപ്രസംഗം: ആവശ്യമില്ലാത്ത പറച്ചിൽ. ക്ലാസിൽ വിദ്യാർഥികൾ അധികപ്രസംഗം നടത്തിയത് അധ്യാപകൻ കണ്ടുപിടിച്ചു.
9. അമിതമായാൽ അമൃതും വിഷം: ക്രമം വിട്ടാൽ നല്ലതും ദോഷം ചെയ്യും.
10. അർധരാത്രിക്കു കുട പിടിക്കുക: അസ്ഥാനത്ത് ആഡംബരം കാണിക്കുക.
11. അടവു പിഴയ്ക്കുക: തന്ത്രം തെറ്റുക.
12. അടിച്ചിറക്കുക: ബലം പ്രയോഗിച്ചു പുറത്താക്കുക.
13. അടിതെറ്റുക: അടിസ്ഥാനം തെറ്റുക.
14. ഉപ്പുമാറിത്തിന്നുക: കൂറുമാറുക; രണ്ടാമതൊരാളെ സേവിക്കുക.
15. ഉരുട്ടുവിദ്യ: ജാലവിദ്യ; തിരിച്ചും മറിച്ചുമുള്ള സമ്പ്രദായം.
16. പന്ത്രണ്ടാം വ്യാഴം: നാശമുണ്ടാക്കുന്നവൻ.

17. പരമ്പരവിദ്ധ്വിത്തം: വലിയ ബുദ്ധിശൂന്യത.

18. മുതലവായിൽ പോയ കുഞ്ഞ്: പരിഹരിക്കാനാവാത്ത നഷ്ടം.

19. മാരീച വിദ്യ: കപടതന്ത്രം, കൗശല വിദ്യ.

20. മാനം കപ്പലേറ്റുക: അഭിമാനം നശിപ്പിക്കുക.

(നായിഫ്)

# പിന്നീടാവാം

വിഷം തിന്നമടുത്തു
കൃഷി ചെയ്യണം
പിന്നീടാവാം
കൊഴുപ്പേറി വീർത്തു
പുലർച്ചെക്കെണീറ്റു നടക്കണം
പിന്നീടാവാം

അകത്തൊതുങ്ങി മരവിച്ചു കിടക്കണം
അയൽക്കാരോട് കൂട്ടുകൂടിയിരിക്കണം
പിന്നീടാവാം

സുഖിച്ചു മടുത്തു
വല്ലതും ത്യജിക്കണം
പിന്നീടാവാം

മനസ്സ് നന്നാവണം
ക്ഷമിച്ചു പഠിക്കണം
പിന്നീടാവാം

ഒടുവിൽ നാട്ടുകാർ പറഞ്ഞു
ഉടൻ വേണം
പിന്നെയാവാൻ പറ്റില്ല

(ആസിയ)

## മണ്ണപ്പങ്ങൾ

കണ്ണൻ ചിരട്ടയിൽ
മണ്ണ് നിറച്ച നാം
ചുട്ടു കൂട്ടിയ മണ്ണപ്പങ്ങൾ
ഒരു നേർത്ത തട്ടിനാൽ
തകരുമെന്നറികിലും
പ്രിയമോടെ ചുട്ടൊരാ മണ്ണപ്പങ്ങൾ
നെയ്തു കൂട്ടവേ കാലത്തിൻ തട്ടേറ്റു
തകർന്നു വീഴും മോഹങ്ങൾ പോലെ
പൊടിഞ്ഞുപോകുമീ മണ്ണപ്പങ്ങൾ

(അൽഫിയ)

# എലി ചെയ്ത സഹായം

പണ്ട് പണ്ട് ഒരു കാട്ടിലൊരു സിംഹമുണ്ടായിരിന്നു. ദുഷ്ടനായ സിംഹം മൃഗങ്ങളെ തിന്നുമായിരുന്നു .അങ്ങനെ ഇരിക്കുമ്പോൾ ഒരു ദിവസം ഒരു മാനിനെ കണ്ടു. ഇതിനെ പിടിക്കാനായി അതിന്റെ പിറകെ ഓടി .അങ്ങനെ ഓടിക്കൊണ്ടിരിക്കുമ്പോൾ സിംഹം ഒരു കെണിയാൽ അകപ്പെട്ടു .മാൻ ഈ സിംഹത്തിനോട് ഒരു കരാർ വച്ചു ഞാൻ നിന്നെ രക്ഷിക്കണമെങ്കിൽ നീ എന്നെ അക്രമിക്കരുത്. അങ്ങനെ ഗതികെട്ട സിംഹം അത് സമ്മതിച്ചു. മാൻ സിംഹത്തെ കെണിയിൽ നിന്നു രക്ഷിച്ചു. അതിനു ശേഷം അവർ നല്ല സുഹൃത്തുക്കളായിമാറി അങ്ങനെ ഇരിക്കുമ്പോൾ മാനിന് ഒരു അപകടം പറ്റി .അപ്പോഴാണെങ്കിൽ സിംഹം രക്ഷിച്ചപ്പോൾ

അതിന്റെ ഇടയിൽ സിംഹം കാൽ തെറ്റി ആ കെണിയിൽവീണു .ആ കുട്ടുകാരായ സിംഹവും മാനും ഒത്ത് കുഴിയാൽ വീണു .അവർക്ക് രണ്ട്പേർക്കും പരുക്ക് പറ്റി

(അലീന)

# വിജ്ഞാനകോശം

## അക്ഷയപാത്രം

ഹിന്ദുപുരാണമനുസരിച്ച്,പാണ്ഡവർക്ക് വനവാസകാലത്ത് സൂര്യദേവൻ സമ്മാനിച്ച അത്ഭുതസിദ്ധിയുള്ള പാത്രമാണിത് പാഞ്ചാലി ഭക്ഷണം കഴിക്കുന്നതുവരെ അവൾ ആഗ്രഹിക്കുന്ന ആഹാരപദാർഥങ്ങൾ അക്ഷയപാത്രം നൽകിവന്നു.

## അബാക്കസ്

എണ്ണിപ്പഠിക്കാനും കണക്കുകൂട്ടാനുമുള്ള ലളിതമായ ഉപകരണമാണിത് .മണിച്ചട്ടം എന്ന് മലയാളത്തിൽ പറയുന്നു . ബലമുള്ള കമ്പികൾ സമാന്തരമായി ഒരു ദീർഘ ചതുര മരച്ചട്ടത്തിൽ ഘടിപ്പിച്ചതാണ് അബാക്കസ്

## അറബിമലയാളം

കേരളത്തിൽ മുസ്ലീങ്ങൾ രൂപം നൽകിയ ഭാഷയാണ് അറബി മലയാളം അറബിക്കിന്റെ രൂപത്തിലുള്ള പ്രത്യേകലിപിയാണ് ഇതിനുള്ളത്. 17 ആം നൂറ്റാണ്ടിലാണീ ഭാഷ രൂപത്തിൽവന്നത്. അറബിമലയാളത്തിൽ ഇന്ന് അമ്പത് അക്ഷരങ്ങളുണ്ട്.

## അശ്വമേധം

ചക്രവർത്തിമാരും രാജാക്കൻമാരും പ്രാചീന[5] ഭാരതത്തിൽ നടത്തിവന്ന മഹായജ്ഞമാണ് അശ്വമേധം .നെറ്റിയിൽ ജയപത്രം പതിച്ച് യഥേഷ്ടം സഞ്ചരിക്കാനനുവദിച്ചുകൊണ്ട് ഒരു കുതിരയെവിടുന്നു .അത് മടങ്ങിവരുമ്പോൾ അതിനെ ബലി കഴിക്കുന്നു.

5 പഴയകാലം

## പാത്തോളജി

രോഗങ്ങളെയും രോഗകാരണങ്ങളെയും സംബന്ധിക്കുന്ന വൈദ്യശാസ്ത്രവിഭാഗമാണ് പാത്തോളജി. അനാട്ടമി ഫിസിയോളജി രോഗപ്രതിരോധശാസ്ത്രം സൂക്ഷ്മാണുശാസ്ത്രം മുതലായവയെ അടിസ്ഥാനമാക്കിയാണ് പാത്തോളജി രൂപംകൊണ്ടത്.

## പാപ്പിറസ്സ്

കടലാസിന്റെ മുൻഗാമിയാണ് പാപ്പിറസ് എന്ന കോരപ്പുല്ല് .പ്രാചീന ഈജിപ്തുകാർ ഈ പുല്ലിന്റെ തണ്ടുകൊണ്ട് എഴുത്തുപായകൾ ഉണ്ടാക്കിയിരുന്നു .പേപ്പർ എന്ന വാക്കുണ്ടായതും പാപ്പിറസ് എന്ന പേരിൽനിന്നാണ്.

## പ്ലാസ്റ്റിക് സർജറി

ശരീരഭാഗങ്ങൾ രൂപപ്പെടുത്തിയെടുക്കുന്ന ശസ്ത്രക്രിയാരീതിയാണ് പ്ലാസ്റ്റിക് സർജറി. ജന്മനാ ഉണ്ടാകുന്ന വൈകല്യങ്ങളായ മുറിച്ചുണ്ട് മുതലായവ ഈ സർജറി മൂലം മാറ്റാം .അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യങ്ങളും സാംക്രമികരോഗങ്ങൾ കൊണ്ടുണ്ടാകുന്ന രൂപവൈകല്യങ്ങളുമെല്ലാം പ്ലാസ്റ്റിക്സർജറികൊണ്ട് മാറ്റിയെടുക്കുവാൻ ഇന്ന് സാധ്യമാണ്.

## മഴവില്ല്

അന്തരീക്ഷത്തിൽ അതിസൂക്ഷ്മങ്ങളായ ജലകണങ്ങളിൽ സൂര്യപ്രകാശം തട്ടുമ്പോൾ പ്രത്യക്ഷമാകുന്ന വർണവലയങ്ങളാണ് മഴവില്ല്. വയലറ്റ് ഉൾഭാഗത്തും ചുവപ്പ് പുറത്തുമായി ഏഴ്

വലയങ്ങൾ കാണാം ചിലപ്പോൾ ഇതിന്
വിപരീതക്രമത്തിൽ ഒരു സെക്കന്ററി മഴവില്ലും
ദൃശ്യമാകാറുണ്ട്.

(അൽഫിൻ)



# മഴ നനഞ്ഞൊരെൻ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിതുമ്പികൾ അല്ലോ നമ്മൾ
മഴ വരുംനേരമാർത്തു വിളിച്ചത്
നനഞ്ഞൊരെൻ ബാല്യം
ഒക്കെകണ്ടൊരെൻ ബാല്യം
ഒക്കെകണ്ടൊരു ചിരിയൂർന്നു നിൽക്കുമെൻ
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ ഒരുപാടു
സല്ക്കരിച്ചിരുന്നു (സമീന)

# ഞാൻ അറിയാതെ

അറിയാതെ അറിയാതെ ഞാൻ പോലുമറിയാതെ
അവളെന്റെ ജീവനായ് ഉയിരിന്റെ നാളമായി
അന്നൊരു സന്ധ്യക്കെൻ അഴലിന്റെ[6] വീഥിയിൽ
നിനവിൻ ചിറകുമായ് വന്നവളേ
ഇന്നെൻ വീഥിയിൽ അഴലിന്റെ നിഴൽ തന്ന്
അകലേക്ക മാഞ്ഞു മറഞ്ഞതെന്തേ
ഞാനിന്നേകനായ് ഈ കുടക്കീഴിലൂടെ
നിന്നോർമ്മതൻ വഴിയെ ഒന്ന് പോയി
അന്നാദ്യമായ് അമ്പലക്കുളജലഛായയിൽ
പിന്നിലൂടെൻ മുന്നിൽ തെളിഞ്ഞോരെൻ പുണ്യമേ
നിലാവിലലിഞ്ഞ നിൻ മിഴിതൻ മൊഴികൾ
നിന്നരികിലെക്കൊന്ന് അണഞ്ഞിടട്ടേ ഞാൻ

(അൽഫ)

6 ദു:ഖത്തിന്റെ

# ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്നപൂക്കളിൽ
എനിക്കെന്റെ
ചങ്ങാതിയെകിട്ടുന്നു
ഞാനാരെന്നോ
നീയാരെന്നോ ചോദിക്കാതെ
സൗഹൃദത്താൽ കരൾ നിറഞ്ഞ്
വീണ്ടും കാണാമെന്ന് പറഞ്ഞ്
ഞാൻ വീട്ടുപടിക്കൽ നിന്നിറങ്ങുന്നു (ഷിഫാന)

# ഓണം വന്നു

മാബലി വന്നു

ഓണം വന്നു

മാബലി വന്നു

മാ മലയാളം

പൂത്തു ചിരിച്ചേ

മരമുണ്ടേലേ മഴയുള്ളൂ

മഴയുണ്ടേലേ നാമുള്ളൂ

നാമുണ്ടേലേ കഥയുള്ളൂ

കഥ കേൾക്കാനേ രസമുള്ളൂ

മാരുതി മതിമതി

കുടയും വേണ്ടിനി

വടിയും വേണ്ടിനി

കുടവയർ താങ്ങാൻ

മാരുതി മതി മതി (അജ്ന)

# കലാവാദ്യങ്ങൾ

## വീണ



ഭാരതീയ കർണാടക സംഗീതകച്ചേരികളിൽ പക്കവാദ്യമായും തനിച്ചും ഉപയോഗിക്കുന്നു. വളരെയധികം പഴക്കമവകാശപ്പെടുന്ന ഈ തന്ത്രിവാദ്യത്തേയാണ് എല്ലാ തന്ത്രിവാദ്യങ്ങളുടേയും മാതാവായി വിശേഷിപ്പിയ്ക്കുന്നത്.

ഒറ്റത്തടിയിൽ തീർത്ത കുടം പോലെയുള്ള ദേഹം, നീണ്ട കഴുത്ത്, പിച്ചള

ജി.എച്ച്.എസ്.എസ്.തൊളിക്കോട്

കൊണ്ട്നിർമ്മിച്ചഫ്രെറ്റുകൾ,ശ്രുതിമുറുക്കാനുള്ളകീ,

ഏഴ് തന്ത്രികൾ ഇതാണ് ഒരു വീണയുടെ ഘടന

വിചിത്ര വീണ,ഗായത്രി വീണ,രുദ്ര വീണ

തുടങ്ങിയ രൂപഭേദങ്ങൾ ഇതിനുണ്ട്.

## വയലിൻ



തടിയും തന്ത്രികളും ഉപയോഗിച്ച്

നിർമ്മിക്കപ്പെട്ട ഉപകരണമാണ്

വയലിൻ. തന്ത്രികളുടെ മുകളിലൂടെ ബോ

ഉപയോഗിച്ചാണ് വയലിൻ വായിക്കുന്നത്.

തന്ത്രികളെ വിരലുപയോഗിച്ച് തട്ടിക്കൊണ്ട്

(പിസിക്കാറ്റോ) വായിക്കുന്ന ശൈലിയും

നിലവിലുണ്ട്.

17 ആം നൂറ്റാണ്ടിൽ ആണ് വയലിൻ ആദ്യം പ്രചാരത്തിലെത്തിയത്. 18, 19 നൂറ്റാണ്ടുകളിൽ കൂടുതൽ ഭേദഗതികൾ വരുത്തി

## ചെണ്ട



കേരളത്തിന്റെ തനതായ ഒരു തുകൽവാദ്യോപകരണമാണ് ചെണ്ട.ഒരു അസുര വാദ്യം എന്നാണറിയപ്പെടുന്നത്. വൃത്താകൃതിയിൽ ചെത്തിമിനുക്കിയ ഒരു തടിക്കുഴലിൽ നിന്നാണ് ചെണ്ട ഉണ്ടാക്കുക. ചെണ്ടകൊട്ടുകാരന്റെ കഴുത്തിൽ ലംബമായി തൂക്കിയിടുന്ന ഈ വാദ്യോപകരണത്തിന്റെ രണ്ടറ്റത്തും വ്യത്യസ്തമായ ശബ്ദം പുറപ്പെടുവിക്കുന്നതരത്തിലാണ്

നിർമ്മിച്ചിരിക്കുക. ചപ്പങ്ങം പോലുള്ള മരത്തിന്റെ രണ്ട് കോലുകൾ ഉപയോഗിച്ച് ചെണ്ട കൊട്ടുന്നു. ചെണ്ട എന്നുമുതലാണ് ഉപയോഗത്തിൽ വന്നതെന്നതിനെക്കുറിച്ച് വ്യക്തമായ സൂചനകൾ ഇല്ല.

കേരളീയ മേളവാദ്യങ്ങളായ ചെണ്ടമേളം, തായമ്പക, പഞ്ചാരി മേളം ,പാണ്ടി മേളം, ശിങ്കാരി മേളം എന്നിവയിലെ ഏറ്റവും പ്രധാനപ്പെട്ട വാദ്യോപകരണമാണ് ചെണ്ട. കേരളത്തിലെ ഹിന്ദു ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലെയും കഥകളി, കൂടിയാട്ടം, കന്ന്യാർ കളി, തെയ്യം, തുടങ്ങിയ നാടൻ

കലാരൂപങ്ങളിലേയും ഒഴിച്ചുകൂടാനാവാത്ത ഒരു വാദ്യോപകരണമാണ്. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും, തമിഴ് നാട്ടിൽ കന്യാകുമാരി ജില്ലയിലും, കർണാടകത്തിന്റെ തുളുനാടൻ ഭാഗങ്ങളിലും ചെണ്ട ഉപയോഗിക്കുന്നു. കർണാടകത്തിൽ ഇത് ചെണ്ടെ എന്ന് അറിയപ്പെടുന്നു. കർണാടകത്തിലെ യക്ഷഗാനം എന്ന നൃത്ത-നാടക കലാരൂപത്തിലും ചെണ്ട ഉപയോഗിക്കുന്നു. ഇടി മുഴക്കത്തിന്റെ നാദം മുതൽ നേർത്ത ദലമർമ്മരത്തിന്റെ ശബ്ദം വരെ ഉണ്ടാക്കാൻ സാധിക്കുന്ന ഒരു അത്ഭുത വാദ്യോപകരണമാണെന്ന് ചെണ്ടയെപ്പറ്റി പറയാറുണ്ട്. എല്ലാ താളവും ചെണ്ടക്ക് താഴെ

എന്നൊരു പഴഞ്ചൊല്ല് ഉള്ളത് അതിന്റെ ശക്തി വിളിച്ചോതുന്നു. അത് കൊണ്ട് തന്നെ ചെണ്ടയെ 18 വാദ്യങ്ങൾക്ക് തുല്യമായി കണക്കാക്കുന്നു.

## മൃദംഗം



ദക്ഷിണേന്ത്യയിലെ ശാസ്ത്രീയസംഗീതത്തിൽ ഉപയോഗിക്കുന്ന താളവാദ്യോപകരണമാണ് മൃദംഗം. കർണാടക സംഗീതം സദസ്സുകളിൽ സുപ്രധാനമായ പക്കമേളമാണിത്. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഉപയോഗിച്ചുവരുന്ന ഡോലക്കിനോട് മൃദംഗത്തിനു രൂപപരമായ സാമ്യമുണ്ട്. മൃദംഗത്തിന്റെ നേർപകുതിയിൽ നിന്നും രൂപപ്പെടുത്തിയതാണു

ഹിന്ദുസ്ഥാനി വാദ്യോപകരണമായ

തബലയെന്നും ഒരു വാദമുണ്ട്.

## ചേങ്ങില



ഒരു കേരളീയ

വാദ്യോപകരണം.ഘനവാദ്യമാ

ണ് ചേങ്ങില. വൃത്താകൃതിയിലുള്ള ഈ വാദ്യം

ഓട്ടുകൊണ്ടാണ് നിർമ്മിക്കുന്നത്. കൊട്ടുന്നത്

കോലുപയോഗിച്ചാണ്. ചേങ്കില എന്നും പേരുണ്ട്.

പല വലിപ്പത്തിലും നിർമ്മിക്കാറുണ്ട്. മുൻപ്

പഞ്ചവാദ്യത്തിൽ ചേങ്ങിലയും ഉണ്ടായിരുന്നു.

കഥകളിയിലെ ഒരു പ്രധാന

വാദ്യോപകരണമാണിത്.

കൃഷ്ണനാട്ടം,സംഘംകളിഎന്നിവയിലും

ഉപയോഗിക്കുന്നു. കളം പാട്ടുകളിൽ ഇടക്ക കൊട്ടുമ്പോൾ താളത്തിനായി ചേങ്ങില ഉപയോഗിക്കുന്നു.

## ഇലത്താളം



കേരളത്തിന്റെ തനതായ ഒരു വാദ്യോപകരണമാണ് ഇലത്താളം അഥവാ കൈമണി. കേരളത്തിലെ അനുഷ്ഠാനകലകളിൽ ഉപയോഗിച്ചു വരുന്ന ഒരു വാദ്യോപകരണമാണിത്. പതിനെട്ടു വാദ്യങ്ങളിൽ ഒന്നാണ് ഇലത്താളം. ചെണ്ട, മദ്ദളം, തിമില എന്നീ വാദ്യോപകരണങ്ങൾക്കൊപ്പം ഇലത്താളം ഉപയോഗിച്ചുവരുന്നു. ഓട്ടു കൊണ്ട് വൃത്താകൃതിയിൽ വാർത്തുണ്ടാക്കുന്ന ഒരുതരം ഘന വാദ്യമാണ് ഇത്. ഏകദേശം രണ്ടു കിലോ

ഭാരമുണ്ടാവും. ഇലത്താളത്തിന്റെ ചെറിയ രൂപം മാർഗ്ഗംകളി പോലുള്ള രംഗകലകളിൽ ഉപയോഗിക്കുന്നുണ്ട്.

## ഓടക്കുഴൽ



വായു ഉപയോഗിച്ച് ഊതി സംഗീതം പുറപ്പെട്ടുവിക്കപ്പെടുന്ന ഒരു സംഗീത ഉപകരണമാണ് ഓടക്കുഴൽ . സാധാരണ സുഷിരവാദ്യങ്ങളിൽ നിന്നും വ്യത്യസ്തമായി, ഓടക്കുഴലിന്റെ ഒരു വശത്തുള്ള തുളയിലൂടെ ആണ് ഊതുന്നത്. കൂടാതെ ഇതിന്റെ സംഗീത ശബ്ദം ക്രമീകരിക്കുന്നത് ഇതിന്റെ വശങ്ങളിലുള്ള

തുളകളിൽക്കൂടി പുറത്തുപോകുന്ന വായു വിരലുകൾ ഉപയോഗിച്ച് ക്രമീകരിച്ചാണ്.



## നാഗസ്വരം

ദക്ഷിണേന്ത്യയിൽ പ്രചാരത്തിലുള്ള ഒരു സുഷിര വാദ്യോപകരണമാണ് നാഗസ്വരം.. പുരാതന ക്ഷേത്രങ്ങളിലെയും മറ്റും ശില്പകലകളിൽ ഇന്ന് നാം കാണുന്ന രൂപത്തിലുള്ള നാഗസ്വരം അല്ല കണ്ടു വരുന്നത്.ഒരു നാഗ[7]ത്തിന്റെ രൂപമാണ് കാണാൻ സാധിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഒരു പുരാണ കഥ തമിഴ് ദേശത്തിലെങ്ങും പ്രചാരത്തിലുണ്ട്. ദക്ഷാധ്വര നാശനത്തിനു ശേഷം

7 പാമ്പ്

മഹാദേവന്റെ കോപാഗ്നിയിൽ ലോകം

നശിക്കുമെന്ന് ഭയന്ന ദേവൻമാർ കോപം

ശമിപ്പിക്കാൻ മഹാവിഷ്ണുവിനോട് മാർഗ്ഗം

തേടുകയും മഹാവിഷ്ണുവിന്റെ നിർദ്ദേശ പ്രകാരം

നാളിതു വരെ പ്രപഞ്ച[8]ത്തിലില്ലാത്ത നാദം

മഹാദേവനെ കേൾപ്പിക്കാനും തീരുമാനമെടുത്തു.

നാരദ മഹർഷിയുടെ നിർദ്ദേശപ്രകാരം അനന്തൻ

നാദസ്വരം ആയി . അങ്ങനെ നാഗം സ്വരം

കൊടുത്തതിനാൽ നാഗസ്വരം എന്ന പേര്

വന്നുവെന്നും പറയുന്നുണ്ട്.

8 ലോകം

# കേരളത്തിലെ കലാരൂപങ്ങൾ



## കഥകളി

ലേകപ്രശസ്തിയാർജിച്ച കേരളീയ കലാരൂപമാണ് കഥകളി. 17 നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൊട്ടാരക്കരത്തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവ്. കൊട്ടാരക്കരത്തമ്പുരാൻ രൂപം നൽകിയ രാമനാട്ടമാണ് പിന്നീട് കഥകളിയായി വികാസം പ്രാപിച്ചത്. പച്ച,കത്തി,കരി,താടി, മിനുക്ക് എന്നിങ്ങനെയാണ് കഥകളിയിലെ വേഷവിഭജനം.

## മോഹിനിയാട്ടം



മോഹിനിയാട്ടം കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ്.നാട്യ ശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ചതുർവൃത്തികളിൽ ലാസ്യ-ലാവണ്യസമ്പന്നമായ കൈശികീവൃത്തിയിൽ ഊന്നിയ ചലനങ്ങളാണ മോഹിനിയാട്ടത്തിന്റെ മുഖമുദ്ര. ഭാരതി, സാത്വതി, ആരഭടി എന്നിവയാണ മറ്റു മൂന്നു വൃത്തികൾ. രസരാജനായ ശൃംഗാരമാണ മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്കരിക്കപ്പെടാറുള്ളത്. ശൃംഗാരരസപ്രകരണത്തിനു ഏറ്റവും അനുയോജ്യമായ വൃത്തിയും കൈശികിയത്രെ. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീനൃത്തകലയായ മോഹിനിയാട്ടം

ഈയിടെയായി പുരുഷന്മാരും

അവതരിപ്പിച്ചുകാണുന്നു. കേരളീയക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന ദേവദാസീനൃത്തത്തിന്റെ

പരിഷ്കരിച്ച രൂപമാണ് മോഹിനിയാട്ടം. കലാമണ്ഡലം കല്യാണികുട്ടിയമ്മ കേരളത്തിലെ പ്രശസ്തയായ മോഹിനിയാട്ട

നർത്തകിയായിരുന്നു.

## ഭരതനാട്യം




ഭാരതീയനൃത്തങ്ങളിൽ മുഖ്യ സ്ഥാനത്തുള്ള ഭരതനാട്യം തമിഴ്

നാടിന്റെ സംഭാവനയാണ്. ഭരതനാട്യത്തിന്റെ ആദ്യകാലനാമം ദാസിയാട്ടം എന്നായിരുന്നു

.ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട അഭിനയം ദർ

പ്പണം എന്ന ഗ്രന്ഥമാണ് ഭരതനാട്യത്തിന് ആധാരമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ആറാം നൂറ്റാണ്ടു മുതൽതന്നെ പല്ലവ-ചോള രാജാക്കന്മാർ നൃത്ത-സംഗീത-ശില്പങ്ങളെ വളർത്തിയിരുന്നതായി പറയപ്പെടുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തഞ്ചാവൂർ സഹോദരന്മാർ എന്നുമറിയപ്പെടുന്ന ചിന്നയ്യ സഹോദരന്മാരാണ് ദാസിയാട്ടം പരിഷ്കരിച്ച് ഭരതനാട്യത്തിന് രൂപം കൊടുത്തത്.

## കുച്ചിപ്പുടി



ഭാരതത്തിൽ പ്രചാരത്തിലുള്ളതും തനതായതുമായ നൃത്തരൂപമാണ് കുച്ചിപ്പുടി.തെലുങ്കാനയിലെ

ക്ഷേത്രങ്ങളിൽ രണ്ടായിരം വർഷങ്ങൾക്ക് മുമ്പുതന്നെ പ്രാകൃതനാടകങ്ങൾ അവതരിപ്പിച്ചിരുന്നു. ക്ഷേത്രങ്ങൾക്കകത്ത് ദേവദാസികൾ നൃത്തം ചെയ്യുമ്പോൾ, ക്ഷേത്രത്തിന് പുറത്ത് പുരുഷന്മാർ അവരുടേതായ നാട്യമേളാനാടകങ്ങൾ അവതരിപ്പിച്ചു. ഇതിനെ ഭാഗവതമേളാനാടകങ്ങൾ എന്നു പറഞ്ഞിരുന്നു. മേളാനാടകങ്ങളുടെ പരിഷ്കരിച്ച നൃത്തരൂപം കുച്ചിപ്പുടി ഗ്രാമത്തിൽ പ്രചാരത്തിൽ വന്നു. പിൽക്കാലത്ത് ആ ഗ്രാമത്തിന്റെ പേരിൽതന്നെ ഈ നാട്യരൂപം അറിയപ്പെടുകയും ചെയ്തു. കുച്ചിപ്പുടി നൃത്തംകൊണ്ട് ഉപജീവനം കഴിക്കുന്ന നാന്നൂറില്പരം കുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ട്. വെമ്പട്ടി ചിന്നസത്യത്തെപ്പോലുള്ള നാട്യാചാര്യന്മാരുടെ ശ്രമഫലമായി ഒരു

നവോത്ഥാനംതന്നെ കുച്ചിപ്പുടി

നൃത്തത്തിനുണ്ടായിട്ടുണ്ട്.

## ചാക്യാർകൂത്ത്



കേരളത്തിലെ അതിപ്രാചീനമായ

ഒരു_രംഗകലയാണ്

ചാക്യാർക്കൂത്ത് പരമ്പരാഗതമായി

ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിലാണ്

ചാക്യാർകൂത്ത് അവതരിപ്പിക്കാറുള്ളത്.

കലാകാരൻ ക്ഷേത്രത്തിലെ പ്രതിഷ്ഠയോട് ഒരു

പ്രാർത്ഥനചൊല്ലി കൂത്തു തുടങ്ങുന്നു. ഇതിനുശേഷം

സംസ്കൃതത്തിൽ ഒരു ശ്ലോകം ചൊല്ലി അതിനെ

മലയാളത്തിൽ നീട്ടി വിശദീകരിക്കുന്നു.

തുടർന്നുള്ള അവതരണം പല

സമീപകാലസംഭവങ്ങളെയും

സാമൂഹികചുറ്റുപാടുകളെയും ഒക്കെ ഹാസ്യം

കലർന്ന രൂപത്തിൽ പ്രതിപാദിക്കുന്നു. കൂത്തു കാണാനിരിക്കുന്ന കാണികളെ കളിയാക്കിയും ചാക്യാർക്ക് മറ്റുള്ളവരെ ചിരിപ്പിക്കാം. ഈ കളിയാക്കലുകൾക്കെതിരെ സദസ്സിൽനിന്ന് യാതൊരുവിധ പ്രതിഷേധങ്ങളും ഉണ്ടായിക്കൂടാ എന്ന അലിഖിതനിയമവും നിലവിലുണ്ടായിരുന്നു. ഇങ്ങനെ കളിയാക്കുന്നതിനിടെ അധികാരസ്ഥാനങ്ങളെയും ചാക്യാന്മാർ വിമർശിക്കുക പതിവായിരുന്നു. അതേത്തുടർന്ന് രാജകോപം കാരണം പിൽക്കാലത്ത് പ്രവാസികളായിമാറേണ്ടിവന്ന ചാക്യാന്മാരും ചരിത്രത്തിലുണ്ട്.

## പടയണി



കേരളത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ

പ്രതീകങ്ങളിലൊന്നായി ഭഗവതി ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി.പടയണി തികച്ചും ദ്രാവിഡീയമായ ആചാരങ്ങളിലൊന്നാണ്. ബുദ്ധമതക്കാരാണ് അതിന്റെ നവോത്ഥാനത്തിന്റെ പ്രായോജകർ എന്നു പറയാം. ആദ്യം പ്രാകൃത ദ്രാവിഡമായിരുന്നു വെങ്കിലും പിന്നീട് ബൗദ്ധരുടെ സംരക്ഷണയിൽ വളർന്നു.  പള്ളി ബാണപ്പെരുമാൾ എന്ന ചേര രാജാവാണ് പെരിഞ്ഞനത്തു നിന്നുള്ള തന്റെ കുടുംബദേവതയെ നീലമ്പേരൂർ കുടിയിരുത്തുന്നതും ഈ ആചാരങ്ങൾക്കും ആയോധന കലകൾക്കും പ്രോത്സാഹനം നൽകിയതും.

(ആസിയ)

# കഥ വന്ന വഴി മറക്കരുത്

ഒരിടത്ത് മിന്നു എന്ന സുന്ദരിയായ കുട്ടിയുണ്ടായിരുന്നു. അവൾക്ക് ഒരു പെൻസിൽ ഉണ്ടായിരുന്നു. സാധാപെൻസിലുകൾ പോലെയല്ല മിന്നുവിന്റെ പെൻസിൽ. ആ പെൻസിലിനുമാത്രം ശക്തിഉണ്ട് ആ പെൻസിൽകൊണ്ട് എന്ത് വരച്ചാലും അതിനെല്ലാം ജീവൻ വരും. അതായിരുന്നു ആ പെൻസിലിന്റെ പ്രത്യേകത. ആ മാന്ത്രിക പെൻസിൽ ധാരാളം വസ്തുക്കൾക്ക് ജീവൻ നൽകിയിരുന്നു. മനോഹരമായപൂക്കൾ, ശലഭങ്ങൾ,പഴങ്ങൾ,വൃക്ഷങ്ങൾ എല്ലാം തന്നെ പെൻസിൽ വരയ്ക്കുകയും ജീവൻ നൽകുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ആ പെൻസിൽ ഒരു എലിയെ വരച്ചു. എന്നിട്ട് ആ എലിക്ക് ജീവനും

നൽകി. ജീവൻ വന്ന ഉടൻ തന്നെ എലി പെൻ സിലിനു നേരെ ചാടി വീണു. ഭാഗ്യത്തിന് വഴിമാറിയ പെൻസിൽ തന്റെ ജീവനും കൊണ്ടോടി. പെട്ടന്നാണ് പെൻസിലിന് ഒരു ബുദ്ധിതോന്നിയത് ഞാൻ എന്തിന് ഞാൻ ജീവൻ നൽകിയ ഒരു പടത്തിനെ പേടിച്ച് ഓടുന്നത്. എനിക്ക് ഇനിയും ചിത്രം വരയ്ക്കാനും അതിന് ജീവൻ നൽകാനും സാധിക്കുമല്ലോ? പിന്നെ ഞാൻ എന്തിന് ആ നിസാരനായ എലിയെ ഭയക്കണം. ഉടൻ തന്നെ മാന്ത്രിക പെൻസിൽ ഒരു പൂച്ചയെ വരച്ച അതിന് ജീവനും നൽകി. പൂച്ച ജീവൻ വന്നയുടൻ തന്നെ എലിയുടെ പിന്നാലെ ഓടി. എലി എങ്ങോട്ടെന്നില്ലാതെ തന്റെ ജീവൻ രക്ഷിക്കാൻ പരക്കം പാഞ്ഞു. ഒടുവിൽ ക്ഷീണിച്ച

എലി പൂച്ചയുടെ കൈകളിൽ അകപ്പെട്ടു. വിശന്നിരുന്ന പൂച്ച എലിയെ ഭക്ഷിച്ചു. മാന്തികപെൻസിൽ തന്റെ ജീവൻ രക്ഷിച്ച പൂച്ചയ്ക്ക് നന്ദി പറഞ്ഞു. അപ്പോൾ പൂച്ച പറഞ്ഞു നീയാണ് എന്നെ സൃഷ്ടിച്ചത്. നീയില്ലെങ്കിൽ ഞാൻ ഉണ്ടാകുമായിരുന്നില്ല. അപ്പോൾ നിന്നെ സംരക്ഷിക്കേണ്ടത് എന്റെ കടമയല്ലേ? ആ എലി അതിന്റെ അഹങ്കാരം കാരണമാണ് മരണപ്പെട്ടത്. അവൻ ജീവൻ കിട്ടിയപ്പോൾ അവന് ജീവൻ കിട്ടാൻ കാരണമായ നിന്നെ അവൻ മറന്നു. അതാ അവന് ഇങ്ങനെ സംഭവിച്ചത്.

## ഗുണപാഠം

ഒരിക്കലും നാം വന്ന വഴി മറക്കരുത്. നാം അഹങ്കാരം കാണിച്ചാൽ ഒടുവിൽ മരണമായിരിക്കും

സംഭവിക്കുക. നാം എല്ലാവരെയും സഹായിക്കുക, ആരേയും ഉപദ്രവിക്കരുത് കാരണം നാം ഇന്ന് ഒരാളെ സഹായിച്ചാൽ നാളെ നമുക്ക് ഒരു അപകടത്തിൽ നമ്മെ സഹായിക്കാൻ ദൈവം ഒരാളെ അയക്കും. (ആസിയ)

# നമ്മുടെ എഴുത്തുകാർ

## എസ്.വി.വേണുഗോപൻനായർ



1946 ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻ-കരയിൽ കുളത്തൂർ (കാരോട്) ജനനം. കോളേജ് അദ്ധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു.

കൃതികൾ:ഗർഭശ്രീമാൻ, ആദിശേഷൻ, തിക്തം തിമിരം, ഒറ്റപ്പാലം, കഥകളതിസാദരം, പരദൈവങ്ങൾ, വീടിന്റെ നാനാർത്ഥം, വരുമ്പോൾ ഞാനെന്തു പറയും, രേഖയില്ലാത്ത ഒരാൾ, ഭൂമിപുത്രന്റെ വഴി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## തകഴി ശിവശങ്കരപ്പിള്ള



ജ്ഞാനപീഠപുരസ്കാരം നേടിയ നോവലിസ്റ്റ് ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ച വക്കീലായിരുന്ന കുട്ടനാട്ടിന്റെ കഥാകാരനായി കഥകളെഴുതി സമൂഹത്തിലെ വിവിധ തലങ്ങളിലെ മനുഷ്യരുടെ ജീവിതം പ്രമേയമാക്കി നോവലുകൾ എഴുതി തിരുവനന്തപുരത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ജീവിതം ഏണിപ്പടികളിലും കുട്ടനാട്ടിലെ കർഷകരുടെ ജീവിതം കയർ രണ്ടിടങ്ങഴി എന്നിവയിലും അദ്ദേഹം ആവിഷ്കരിച്ച .തോറ്റില്ല എന്റെ വക്കീൽ ജീവിതം ഘോഷയാത്ര, അടിയൊഴുക്കുകൾ, തെരഞ്ഞെടുത്ത കഥകൾ തുടങ്ങിയവയാണ് മറ്റ പ്രധാന കൃതികൾ .കേന്ദ്രസാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്.തൊളിക്കോട്

## കാരൂർ നീലകണ്ഠപ്പിള്ള



1898 ൽ ഏറ്റുമാന്നൂരിൽ ജനിച്ച

കഥാകൃത്ത്,അധ്യാപക

ൻ,സാഹിത്യപ്രവർത്തക സഹകരണ

സംഘത്തിന്റെ സ്ഥാപക സെക്രട്ടറി നാട്ടിൻ

പുറത്തെ സാധാരണ മനുഷ്യരുടെ

ജീവിതം,അധ്യാപകനുഭവങ്ങൾ എന്നിവ കഥയ്ക്ക്

വിഷയമായിട്ടുണ്ട് കേരള സാഹിത്യ അക്കാദമി

അവാർഡ് ലഭിച്ച

പ്രധാന കൃതികൾ

മരപ്പാവകകൾ,പൂവമ്പഴം,പിശാചിന്റെ കുപ്പായം,

പൊതിച്ചോറ്,ഹരി,പഞ്ഞിയും തുണിയും

## വൈലോപ്പിള്ളി ശ്രീധരമേനോൻ



എറണാകുളത്തെ കലൂരിൽ

ജനിച്ച കാച്ചിക്കുറുക്കിയ

കവിതകൾ എന്ന് അദ്ദേഹത്തിന്റെ രചനകളെ വിശേഷിക്കപ്പെടുന്നു. അധ്യാപകനായിരുന്ന അദ്ദേഹം സമസ്ത കേരള സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവരുടെ നേതൃസ്ഥാനത്തു പ്രവർത്തിച്ചിട്ടുണ്ട് .കേന്ദ്ര കേരളസാഹിത്യ അക്കാദമി അവാർഡുകൾ,
വയലാർ അവാർട്ടുകൾ എന്നിവ ലഭിച്ചു.

## ഒ.എൻ.വി.കുറുപ്പ്



1931 ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു.
അധ്യാപകൻ കോഴിക്കോട് സർവകലാശാലയിൽ മലയാളം വകുപ്പിൽ വിസിറ്റിങ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു .കേരള കലാമണ്ഡലം ചെയർമാനായിരുന്നു

.ജ്ഞാനപീഠപുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഗാനരചനയ്ക്ക് ദേശീയ സംസ്ഥാന അവാർഡുകൾ

1998 ൽ പത്മശ്രീയും ലഭിച്ചു.

<u>പ്രധാന കൃതികൾ</u>

അക്ഷരം,ഉപ്പ്,കുറുത്തപക്ഷിയുടെപാട്ട്,ഭൂമിക്ക് ഒരു ചരമഗീതം,വളപ്പൊട്ടുകൾ

(അഫ്സൽ)

## എൻ പോയ സ്വപ്നത്തിലേക്ക്

ഒരു നിലാപുഷ്പം പോലെ എൻ
മനം നിറയിച്ച താരകമാം പുഷ്പമേ.
നിൻ വിധിയിലേക്ക് അണയുമ്പോൾ
ഒരു ചെറു പുഞ്ചിരിപോലെ
നീ വിടർന്നു നിന്നു;ഒരിക്കലുമ-
സ്തമിക്കില്ലെന്നു കരുതി എൻ മാറോടു
ചേർത്തുവച്ച് താലോലിച്ചു,ഏറെനാൾ
കഴിഞ്ഞിട്ടും ആ ചിന്ത അണയുന്നില്ല.
ഒരു മെഴുകു തിരി കത്തിച്ചുവച്ചതു
പോലെ അതങ്ങനെ ഉരുകി ക്കഴിഞ്ഞു
ഒരു നാൾ ദൈവത്തിന്റെ സ്വർണമാളിക-
യിൽ നിന്ന അനുഗ്രഹീതമായ മുത്തുകൾ
അണഞ്ഞു വന്നു. അതങ്ങനെ ഒരു

ഇടിമിന്നലായി പ്രകാശിച്ച് ഉജ്ജ്വലമായി
കത്തുന്ന തീയായി അങ്ങനെയതവസാ-
നിച്ചു. ആനന്ദമാറാടുന്ന പലയുക്തികൾ
അനന്തമായി അത്യുജ്ജ്വലിച്ചു അസ്തമിക്കാത്ത
വെളിച്ചം പോലെ അത് ഉന്മാദിക്കുമ്പോൾ
ഞാൻ സ്തംഭിതമായി നോക്കിനിൽപ്പൂ........
എൻ സൗഹൃദം എന്നെ ക്ഷോഭി[9]തയാക്കി.

(നസിയ)

9 ദേഷ്യം

# ശ്രീനിവാസരാമാനുജൻ



1729- രാമാനുജൻ സംഖ്യ.

രണ്ട് സംഖ്യകളുടെ ഘനങ്ങൾ

രണ്ട് വ്യത്യസ്ത് രീതിയിൽ കൂട്ടിയാൽ കിട്ടുന്ന

ഏറ്റവും ചെറിയ സംഖ്യ.

1 ^3+12^3

9 ^10+10 ^3

ജനനം: 1887

മരണം: 1920

(അഫ്ലിയ)

# കടലാസ് വഞ്ചി



അത്രമേൽ പ്രണയിക്കുമ്പോൾ
നൽകപ്പെടുന്ന ഒരോ ഓർമ്മയും
ഓരോ കിണറുകളാണ്
വീഴുന്നയാൾക്ക് ഒരിക്കലും
തിരിച്ചുകയറാൻ പറ്റാത്തവിധം
ആഴമുള്ളതാണീ കടലാസ് വഞ്ചി
പ്രണയമെന്ന പേരിട്ട്
സ്നേഹവും സന്തോഷവും
ഭിക്ഷയായ് നീ വെച്ച്
നീട്ടിയപ്പോൾ ഞാൻ
അറിഞ്ഞിരുന്നില്ല ഒരിക്കൽ നീ
അത് തിരിച്ചെടുത്ത് മറിച്ച്
വിൽക്കുമെന്ന് ഞാൻ നിന്നെ ഓർക്കുമ്പോൾ
എൻ കരങ്ങളാൽ സൃഷ്ടിച്ചകടലാസ് വഞ്ചി(അസ്ന

## ചെമ്പരത്തി പൂവ്



വേലിക്കിടയിലുണ്ടൊരു
വേലിചെമ്പരത്തിപ്പൂവ്

വേലിയൊരതിരാണ്
വേലിക്കിടയിൽ പൂത്തിടുന്നവർ

അതിരിനുവേണ്ടികലഹിക്കുന്ന
അതിരുവാസ മനുഷ്യരു

വേലിമാറ്റി കെട്ടി വേലകാട്ടുന്ന
വേലിയും വേലയും വേലകലഹങ്ങളും പിന്നെ

വേലിതല്ലിപൊളിക്കുന്ന
വേലിയുടെ അയൽക്കാരും

വേലിക്കിടയിൽക്കിടന്നിതെല്ലാം കണ്ട്

ജി.എച്ച്.എസ്.എസ്.തൊളിക്കോട്

## വേദനിക്കുന്നൊരു ചെമ്പരത്തിപ്പൂവ്

നമ്മൾ തമ്മിൽ തല്ലുമ്പോൾ
നമ്മുക്കിടയിലുള്ളവർ
നമ്മളെയോർത്ത് വേദനിക്കുന്നത്
നമ്മളാരും അറിയുന്നില്ലല്ലോ

(ഷിബിൻ)

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

# മാനസം

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

2019-20

ജി.എച്ച്.എസ്.എസ്.തൊളിക്കോട്

# ശുഭം